ഖുത്ബ
7.12.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അല്ലാഹുവാണ് യഥാർത്ഥ വിധികർത്താവ്

**ക**ഴിഞ്ഞ ചില ഖുത്ബകളിൽ, അസീസ് എന്ന സവിശേഷഗുണത്തെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞുവരികയായിരുന്നു. തുടക്കത്തിൽ അസീസ് എന്ന വിശേഷഗുണത്തെക്കുറിച്ച് പറഞ്ഞപ്പോൾ, അല്ലാഹു, അസീസ് എന്ന വിശേഷഗുണം എവിടെയൊക്കെ പറഞ്ഞിട്ടുണ്ടോ ആ വചനങ്ങളിൽ പകുതിയോളം സ്ഥലത്ത് അസീസിനേയും ഹക്കീമിനേയും ചേർത്തു പറഞ്ഞിരിക്കുകയാണെന്നും ഞാൻ പറഞ്ഞിരുന്നു. ഇന്ന് ഞാൻ ഹക്കീം എന്ന വിശേഷഗുണത്തെക്കുറിച്ച് പറയുന്നതാണ്. ഇതിനു മുമ്പേ അസീസ് എന്ന വിശേഷഗുണത്തെക്കുറിച്ച് ആയത്തുകൾ വിവരിച്ചപ്പോൾ ഹക്കീം എന്ന വിശേഷഗുണത്തെക്കുറിച്ചും പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഹക്കീം എന്ന പദത്തിന്റെ വ്യാകരണപരമായ അർത്ഥത്തെക്കുറിച്ചും ആ നാമവുമായിട്ട് അല്ലാഹുവിന്റെ സത്തയ്ക്കുള്ള ബന്ധത്തെക്കുറിച്ചും ശരിയായ നിലയിൽ മുമ്പേ പറയാൻ കഴിഞ്ഞിരുന്നില്ല. അതാണ് വിവിധ നിഘണ്ടുക്കളിൽനിന്നും തഫ്സീറുകളിൽനിന്നും ഇന്ന് ഞാൻ വിവരിക്കുന്നത്.

അൽഹക്കീം ബുദ്ധിശാലിക്കാണ് പറയുന്നതെന്ന് ലിസാനുൽഅറബിൽ എഴുതിയിരിക്കുന്നു. ***ഖീല, അൽഹക്കീമു ദുൽഹിക്മ*** എന്നു പറഞ്ഞാൽ ബുദ്ധിശാലി. അൽഹിക്മ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഏറ്റവും നല്ല വസ്തുവിനെക്കുറിച്ച് ഏറ്റവും നല്ല അറിവുകൾ മുഖേന അറിവ് ലഭിക്കുക. വിവിധ കാര്യങ്ങളുടെ രഹസ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് അതിനെ നല്ലവണ്ണവും സാമർത്ഥ്യത്തോടുകൂടിയും അനുഷ്ഠിക്കുന്നതിനും അൽഹക്കീം എന്നു പറയുന്നു. അതായത്, ഉദാഹരണത്തിന് സൃഷ്ടിയുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല വസ്തു. പ്രത്യേകതകളുടെയും രചനയുടെയും, സ്ഥാനത്തിന്റെയും, നിലയുടെയും ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ, ഏറ്റവും നല്ല വസ്തു ഏതാണോ, അതിനെക്കുറിച്ച് പൂർണ്ണമായ അറിവ് തികച്ചും കരസ്ഥമാക്കുക. ഇതാണ് ഹിക്മത്തുകൊണ്ടുള്ള ഉദ്ദേശ്യം. അതിന്റെ അഗാധതലംവരെ അറിവ് സമ്പാദിക്കുക.

ആലിമിനും വിവേകശലാലിക്കും അൽഹക്കീം എന്നു പറയുന്നു. വിശുദ്ധഖുർആന്റെ വിശേഷഗുണമായി ***വഹുവദിക്റുൻ ഹക്കീം*** എന്ന് ഹദീസിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഈ ഖുർആൻ നിങ്ങൾക്ക് ഹക്കീം അഥവാ വിധികർത്താവാണ്. അല്ലെങ്കിൽ നിങ്ങളിൽ വിധികർത്താവാണ്. അല്ലെങ്കിൽ ഇതൊരു വൈരുദ്ധ്യവും കറ്റുകെട്ടുമില്ലാത്ത ഭദ്രമായ ഗ്രന്ഥമാണ്. സംശയാസ്പദമായ ഒന്നുമില്ലാത്ത വ്യക്തമായ കല്പനകളാണ് ഇതിലുള്ളത്. എന്തെങ്കിലും നഷ്ടമുണ്ടാകുമെന്ന് കരുതി ഭയപ്പെടേണ്ട ഒന്നും ഇതിലില്ല. പക്ഷേ, ഇതിനെ മനസ്സിലാക്കാൻ തഖ്വ അഥവാ ഭയഭക്തിയും ശുദ്ധമായ ഹൃദയവും ഉണ്ടാവണമെന്നത് യുക്തിജ്ഞനായ അല്ലാഹുവിൽനിന്നിറങ്ങിയ നിബന്ധനയാണ്. ഈ ഭദ്രമായ ഗ്രന്ഥത്തെ മനസ്സിലാക്കാൻ, സ്വന്തം കഴിവനുസരിച്ച് ഹക്കീം ആകേണ്ടത് നിർബന്ധമാണ്. എങ്കിലേ അത് മുഹക്കമാണെന്നത്- വിധികർത്താവാണെന്നത് മനസ്സിലാകുകയുള്ളൂ. വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറഞ്ഞിരിക്കുന്നു.

"ഭൗതികമായ ജ്ഞാനങ്ങൾ സമ്പാദിക്കുന്നതിനും ഖുർആനികമായ ജ്ഞാനങ്ങൾ സമ്പാദിക്കുന്നതിനുമിടയിൽ വലിയൊരു വ്യത്യാസമുണ്ട്. ഭൗതികവും കീഴ്വഴക്കപ്രകാരവുമുള്ള അറിവുകൾ സമ്പാദിക്കുന്നതിന് തഖ്വ നിബന്ധനയല്ല. സർഫും നഹ്വും ഫിലോസഫിയും വൈദ്യവും വാനശാസ്ത്രവും പ്രകൃതിശാസ്ത്രവും പഠിക്കുന്നതിനു നമസ്കാരമനുഷ്ഠിക്കണമെന്നും നോമ്പു പിടിക്കണമെന്നുമുള്ള നിബന്ധനയൊന്നുമില്ല. വിധിവിലക്കുകൾ പാലിക്കണമെന്ന നിബന്ധനയുമില്ല. തന്റെ ഓരോ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ ഭരണത്തിന് വിധേയമാക്കുകയും വേണ്ട. എന്നല്ല, ചിലപ്പോൾ ഭൗതികജ്ഞാനത്തിൽ വിദഗ്ദ്ധരായവരും ഗവേഷകരും നിരീശ്വരവാദിയായിക്കൊണ്ട് എല്ലാതരം കുഴപ്പങ്ങളിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ടിരിക്കുന്നതായും കാണാറുണ്ട്. ഇന്ന് ഇത് സംബന്ധമായി ലോകത്തിന്റെ മുമ്പിൽ വളരെ ശക്തമായ

അനുഭവജ്ഞാനം നിലവിലുണ്ട്. അമേരിക്കക്കാരും യൂറോപ്യൻകാരും ഭൗതികവിദ്യാഭ്യാസത്തിൽ വൻഅഭിവൃദ്ധി നേടിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പുതിയ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ, അവരുടെ ആത്മീയവും ധാർമ്മികവുമായ അവസ്ഥ അങ്ങേയറ്റം ലജ്ജാകരമാണ്.

"ലണ്ടനിലെ പാർക്കുകളുടേയും പാരീസിലെ ഹോട്ടലുകളുടേയും അവസ്ഥയെ സംബന്ധിച്ച് വന്നിട്ടുള്ള വാർത്തകൾ, വിവരിക്കാൻ നമുക്ക് സാധ്യമല്ല. എന്നാൽ, ആത്മീയജ്ഞാനവും, ഖുർആനിൽ അടങ്ങിയിരിക്കുന്ന രഹസ്യജ്ഞാനങ്ങളും അറിയുവാൻ, തഖ്‌വ ഉണ്ടായിരിക്കണമെന്നത് ഒന്നാമത്തെ നിബന്ധനയാണ്. ഇതിന് ശരിയായ നിലയിലുള്ള പശ്ചാത്താപത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പൂർണ്ണമായ വിനയത്തോടും വണക്കത്തോടുംകൂടി അല്ലാഹുവിന്റെ കല്പനകളെ വഹിക്കുകയും, അവന്റെ പ്രതാപത്തേയും മഹത്വത്തേയും ഓർത്ത് വിറച്ചുകൊണ്ട് പൂർണ്ണമായി കീഴടങ്ങി മടങ്ങുകയും ചെയ്യാത്തിടത്തോളം ഖുർആനികജ്ഞാനത്തിന്റെ കവാടം തുറക്കുകയില്ല. ആത്മാവിന്റെ ഈ സ്വഭാവങ്ങളുടേയും കഴിവുകളുടേയും പരിപാലനത്തിനുള്ള സാമഗ്രികൾ അവന് വിശുദ്ധഖുർആനിൽനിന്ന് ലഭിക്കുകയില്ല. ഇതുമുഖേന പരിശുദ്ധമായ ആത്മാവിന് ഒരു രുചിയും ആനന്ദവും ഉണ്ടാകുന്നു. വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിന്റെ അറിവുകൾ അല്ലാഹുവിന്റെ കൈയിലാണ്. അതുകൊണ്ട് അത് പ്രാപിക്കാൻ തഖ്‌വ ഒരു ഏണി എന്ന നിലയിൽ പ്രവർത്തിക്കുന്നു. അത് മനസ്സിലാക്കാൻ ദൈവഭയം അങ്ങേയറ്റം നിർബന്ധമായ കാര്യമാണ്.

"ഇങ്ങനെ വരുമ്പോൾ വഞ്ചകനും ദ്രോഹിയും ദുഷ്ടനും ഇന്ദ്രിയാശകളുടെ തടവുകാരനും എങ്ങനെ അതിൽനിന്ന് അറിവു ലഭിക്കാനാണ്. ഇതിനായി ഒരു മുസ്‌ലിം, മുസ്‌ലിമെന്നു പറഞ്ഞുകൊണ്ട് അറബിവ്യാകരണങ്ങളിൽ എത്ര വലിയ പാണ്ഡിത്യം നേടിയാലും വലിയ ഫാസിൽ ഡിഗ്രി കരസ്ഥമാക്കിയാലും ലോകത്തിന്റെ ദൃഷ്ടിയിൽ ആത്മീയഗുരുക്കന്മാരുടെ ഗുരുവായിട്ടിരുന്നാലും മനഃപരിശുദ്ധി ഉണ്ടാക്കുന്നില്ലെങ്കിൽ വിശുദ്ധഖുർആന്റെ ജ്ഞാനങ്ങളിൽനിന്ന് അയാൾക്ക് ഒരു വിഹിതവും നല്കപ്പെടുകയില്ല. ഇക്കാലഘട്ടത്തിൽ ലോകരുടെ ശ്രദ്ധ ഭൗതികവിദ്യാഭ്യാസത്തിലേക്ക് ഒരു പാട് കുനിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. പാശ്ചാത്യവെളിച്ചം മുഴുലോകത്തേയും തങ്ങളുടെ പുതിയ കണ്ടുപിടിത്തങ്ങളും നിർമ്മാണപ്രവർത്തനങ്ങളുംകൊണ്ട് അത്ഭുതപ്പെടുത്തിയിരിക്കുന്നു. മുസ്‌ലിംകളും തങ്ങളുടെ നന്മയ്ക്കും വിജയത്തിനും വേണ്ടി എന്തെങ്കിലും വഴി ചിന്തിച്ചിട്ടുണ്ടെങ്കിൽ നിർഭാഗ്യവശാൽ, അവരും പാശ്ചാത്യരെ തങ്ങളുടെ ഇമാമാക്കാനും യൂറോപ്പിനെ അനുകരിക്കുന്നതിൽ അഭിമാനിക്കാനുമാണ് ചിന്തിച്ചിട്ടുള്ളത്. ഇതാണ് പുതിയ വെളിച്ചത്തിന്റെ മുസ്‌ലിംകളുടെ അവസ്ഥ. പാരമ്പര്യ മുസ്‌ലിംകളെന്നും ദീനിനെ സഹായിക്കുന്നവരെന്നും മനസ്സിലാക്കുന്ന മുസ്‌ലിംകളുടെ മുഴുജീവിതത്തിന്റെയും ചുരുക്കം. അവർ അറബിവ്യാകരണം പറഞ്ഞ് കലഹം കൂട്ടുന്നതിലും ബഹളം വയ്ക്കുന്നതിലും കുടുങ്ങിക്കിടക്കുകയും, ദാൽ, നീം തുടങ്ങിയ വാക്കുകളിൽ മരിക്കുകയും ചെയ്യുന്നു. 'ളാല്ലിൻ' എങ്ങനെ ഉച്ചരിക്കണം എന്ന കാര്യത്തിലാണ് വിവാദം നടക്കുന്നത്. വിശുദ്ധഖുർആനിലേക്ക് തെല്ലും ശ്രദ്ധയില്ല. അതെങ്ങനെ ഉണ്ടാകാനാണ്. അവർ മനഃപരിശുദ്ധിയിലേക്ക് ശ്രദ്ധിക്കുന്നില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് പുതിയ വെളിച്ചം ആഗ്രഹിക്കുന്നവരും തങ്ങളെ ആലിം എന്ന് മനസ്സിലാക്കുന്നവരും തഖ്‌വ ഇല്ലാത്തവരാണെന്നാണ്. തഖ്‌വ ഇല്ലാത്തിടത്തോളം വിശുദ്ധഖുർആന്റെ ജ്ഞാനം ലഭിക്കുകയില്ല.

ഹക്കീം എന്ന പദത്തെ സംബന്ധിച്ചാണ് നാം പറഞ്ഞുവന്നത്. മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. ഹിക്മത്ത് എന്നതിന്റെ ഉദ്ദേശ്യം അറിവിന്റേയും ബുദ്ധിയുടേയും സഹായത്താൽ സത്യമായ കാര്യംവരെ എത്തിക്കുക എന്നാണ്. അല്ലാഹു യുക്തിജ്ഞൻ എന്നു പറയുന്നതിന്റെ ഉദ്ദേശ്യം, അവന്റെ വസ്തുക്കളെ സംബന്ധിച്ചുള്ള ജ്ഞാനം അതിന്റെ ഒളിക്കപ്പെട്ട സ്ഥാനംവരെ തികവാർന്നതും മനോഹരവുമായ നിലയിലാക്കി രംഗത്തുകൊണ്ടുവരിക എന്നാണ്. അതായത്, ഏതെങ്കിലും വസ്തുവിനെക്കുറിച്ചുള്ള അല്ലാഹുവിന്റെ ജ്ഞാനവും അതിന്റെ തികവും മനോഹരമാക്കി രംഗത്തുകൊണ്ടുവരിക. അതിൽ ഒരു ന്യൂനതയും ബാക്കിയാവാതിരിക്കുക. മനുഷ്യൻ യുക്തിജ്ഞൻ എന്നു പറയുന്നതിന്റെ ഉദ്ദേശ്യം, രംഗത്തുവന്ന ആ വസ്തുക്കളുടെ അറിവ് കരസ്ഥമാക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക എന്നാണ്. അല്ലാഹുവിന്റെ സൃഷ്ടികളെ സംബന്ധിച്ച് അറിവ് നേടുക. ഭൗതികമായ ജ്ഞാനം കരസ്ഥമാക്കുക എന്നതും അതിന്റെ ഭാഗമാണ്. അത് വിരോധിച്ചിട്ടില്ല. വിശുദ്ധഖുർആനിൽ അതിന് മാർഗ്ഗദർശനവുമുണ്ട്. പക്ഷേ, തഖ്‌വയില്ലാതെ അതുതന്നെയാണ് എല്ലാം എന്ന് കരുതുന്നതും, ദീനീപരമായ കോളം കാലിയാക്കിയിടുന്നതും വിവേകശൂന്യമായ കാര്യമാണ്.

പിന്നീട് പറയുന്നു: ഹക്കീമാണ് അല്ലാഹു എന്നു പറയുമ്പോൾ, അത് മനുഷ്യനെ ഹക്കീം എന്ന അർത്ഥത്തിൽ പറയുന്നതുപോലെയല്ല. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു, ***അലയ്സല്ലാഹു ബി അഹ്കമിൽ***

***ഹാക്കിമീൻ***. അല്ലാഹു എല്ലാ വിധികർത്താക്കളേക്കാളും വലിയ വിധികർത്താവാണ്. ഇതും ആ പദത്തിൽനിന്നുതന്നെ നിഷ്പന്നമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വിവിധ നിഘണ്ടുക്കളിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹിക്മത്തിന്റെയും ഹക്കീമിന്റെയും വിവിധ അർത്ഥങ്ങൾ വിവരിച്ചിട്ടുണ്ട്. 'അൽഹക്കീം' എന്നതിന്റെ ഒരർത്ഥം ആലിം, പണ്ഡിതൻ എന്നാണ്. യുക്തിജ്ഞനെന്നും എല്ലാ പ്രവൃത്തിയും നല്ലവണ്ണം ചെയ്യുന്നവനെന്നും അതിന്നർത്ഥമുണ്ട്. അവന്റെ പ്രവൃത്തിയെ നശിപ്പിക്കാൻ ആർക്കും സാധ്യമല്ല. ഹിക്മത്ത്, എന്നതിന്റെ അർത്ഥം നീതി, അറിവ്, ബുദ്ധിസാമർത്ഥ്യം. അജ്ഞതയിൽനിന്ന് തടയുന്ന ഓരോ കാര്യത്തിനും ഹിക്മത്ത് എന്നു പറയുന്നു. സത്യം പ്രതിപാദിച്ചുകൊണ്ടുള്ള എഴുത്തിനും ഹിക്മത്ത് എന്നു പറയും. ചിലരുടെ പക്കൽ ഇതിന്റെ അർത്ഥം ***വള്ഉ ശയ്ഇ ഫീമൗളിഇഹി*** എന്നും ഉണ്ട്. ഓരോ കാര്യത്തേയും അതിന്റെ യോജ്യമായ അവസ്ഥയ്ക്ക് ഉപയോഗിക്കുക. ഇതിന്റെ മറ്റൊരർത്ഥം ***ഥവാബുൽ അംറി വസിദാദു*** എന്നുമാണ്. ചിലതിന്റെ യാഥാർത്ഥ്യവും അതിന്റെ മർമ്മവും. ഹക്കീം എന്ന പദത്തിന്റെ ധാതുവായ ഹുക്മ് എന്നതിന്റെ അർത്ഥം നന്നാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരെയെങ്കിലും എന്തെങ്കിലും കാര്യത്തിൽനിന്ന് തടയുക. ഇക്കാരണത്താലാണ് മൃഗങ്ങൾക്കിടുന്ന കടിഞ്ഞാണിന് പിടിപ്പിക്കുന്ന വട്ടക്കണ്ണിക്ക് ഹക്മ എന്നു പറയുന്നത്.

റൂഹുൽ മആനി എന്ന തഫ്സീർ ഗ്രന്ഥത്തിൽ ***ലാ ഇൽമലനാ ഇല്ലാമാ അല്ലംതനാ ഇന്നക്ക അൻതൽ അലീമുൽ ഹക്കീം*** എന്ന ആയത്തിന് അല്ലാമാ മഹ്മൂദ് ആലൂസി നല്കിയിട്ടുള്ള വിശദീകരണത്തിൽ എഴുതിയിരിക്കുന്നു. ഇവിടെ പൂർണ്ണമായ അറിവ് അല്ലാഹുവിനാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതിനുശേഷം അവന്റെ ഹക്കീം എന്ന വിശേഷഗുണത്തെ അവർ അംഗീകരിക്കുകയും ചെയ്തു. കാരണം അവരിൽ യാഥാർത്ഥ്യം തുറക്കപ്പെട്ടു. അൽഹിക്മത്ത് എന്നതിന്റെ അർത്ഥം തടയുക എന്നാണ്. അതിൽനിന്നാണ്, സവാരിയുടെ മുഖത്തിടുന്ന കടിഞ്ഞാണിന്റെ വട്ടക്കണ്ണി എന്ന അർത്ഥം പറയുന്നത്. കാരണം വളഞ്ഞുപോകുന്നതിൽനിന്ന് അതുമുഖേന അതിനെ തടയുന്നു. അതുപോലെതന്നെ അറിവിനും ഹിക്മത്ത് എന്നു പറയുന്നു. കാരണം ചെയ്യുന്ന ജോലിയിൽ നാശം ഉണ്ടാക്കുന്നതിനെ അത് തടയുന്നു. ഹക്കീം എന്നതിന്റെ അർത്ഥം ദുൽഹിക്മ എന്നുമാണ്. അതായത് യുക്തിജ്ഞൻ. ചിലർ ഹക്കീം എന്നതിന് അവൻ തന്റെ എല്ലാ സൃഷ്ടികളേയും ദൃഢതരമായ നിലയിൽ സൃഷ്ടിക്കുന്നവനാണ് എന്നും അർത്ഥം പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനുകൊടുത്ത തഫ്സീർ ഞാൻ ചുരുക്കിപ്പറയാം. ഇത് മനസ്സിലാക്കുന്നതിന് ഇതിനുമുമ്പേ പറഞ്ഞിട്ടുള്ള വചനവും നോക്കേണ്ടതായി വരും. ***ലാഇൽമലനാ ഇല്ലാമാ അല്ലംതനാ*** എന്ന വചനത്തിന്റെ മുമ്പേയുള്ള വചനം ഇതാണ്.

**"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തംചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ പറഞ്ഞു. നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്"** (2:31). തുടർന്നുവന്ന വചനത്തിൽ പറയുന്നു:

**"അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചു. പിന്നീട് ആ സൃഷ്ടികളെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചു. എന്നിട്ട് അവൻ പറഞ്ഞു: നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരിക"** (2:32). അപ്പോൾ മലക്കുകൾ പറഞ്ഞു:

**"നീ പരിശുദ്ധനാണ്. ഞങ്ങൾക്ക് നീ പഠിപ്പിച്ചുതന്നതല്ലാതെ ഞങ്ങൾക്ക് യാതൊരറിവുമില്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു"** (2:33).

ഹക്കീം എന്നതിന് നിഘണ്ടുകർത്താക്കൾ കൊടുത്തിട്ടുള്ള അർത്ഥങ്ങളിൽ, അതിന് യുക്തിജ്ഞനെന്നും എല്ലാ ജോലിയും നല്ലവണ്ണം ചെയ്യുന്നവനെന്നുമുള്ള അർത്ഥം നാം കണ്ടതാണ്. ആ ജോലിയെ നശിപ്പിക്കാൻ ആർക്കും സാധ്യമല്ല. കാര്യത്തിന്റെ യാഥാർത്ഥ്യം വരെ, അതിന്റെ മർമ്മംവരെ എത്തുക എന്നും അതിന് അർത്ഥമുണ്ട്. ഈ എല്ലാ അർത്ഥങ്ങളും അഖ്റബ് കൊടുത്തിട്ടുണ്ട്. എന്തായാലും ഈ വചനത്തിന്റേയും ഞാൻ ഓതിക്കേൾപ്പിച്ച ഇതിനുമുമ്പേയുള്ള വചനത്തിന്റേയും തർജമ നാം കേട്ടു. ഇതിൽനിന്ന് എന്തു പ്രശ്നമാണുണ്ടായതെന്ന് വ്യക്തമായി. മലക്കുകൾ അപ്പോൾ പറഞ്ഞു: ഞങ്ങൾക്ക് നീ പഠിപ്പിച്ചത് മാത്രമേ അറിയൂ. ആദ്യം അവർ ചോദിച്ചത് കുഴപ്പങ്ങളുണ്ടാക്കാൻ മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണോ എന്നാണ്. അല്ലാഹു എല്ലാ കാര്യങ്ങളും മുന്നിൽവെച്ചപ്പോൾ അവർ പറഞ്ഞത്, നീ പഠിപ്പിച്ചതു മാത്രമേ ഞങ്ങൾക്കറിയൂ എന്നാണ്. നിന്റെ അറിവിലുള്ളതിനെ വലയം ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. കാരണം നീ സർവ്വജ്ഞ

നുമാണ്, യുക്തിജ്ഞനുമാണ്. ഞങ്ങൾ ബാഹ്യമായിട്ടുള്ള കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ്, മനുഷ്യർ കാരണത്താൽ രക്തംചിന്തുകയും കുഴപ്പങ്ങൾ ഉണ്ടാവുകയും ചെയ്യുമെന്ന് പറഞ്ഞത്. തങ്ങളുടെ അറിവനുസരിച്ച് മലക്കുകൾ പറഞ്ഞത് തെറ്റല്ലായിരുന്നു. ഇന്ന് നോക്കുക, ലോകത്ത് കലഹങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുകൊണ്ടേപോകുകയാണ്. ലോകം അതുകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇതിന്റെ അർത്ഥം നഊദുബില്ലാഹ് അല്ലാഹുവിനേക്കാൾ മലക്കുകൾക്ക് കൂടുതൽ അറിവുണ്ടായിരുന്നുവെന്നല്ല. മറിച്ച്, അല്ലാഹു മലക്കുകളോട് പറഞ്ഞത്, ഞാൻ ഖലീഫയെ സൃഷ്ടിക്കാൻ പോകുന്നുവെന്നത്, കലഹത്തിന് കാരണമാകുകയില്ല. ഇതുകേട്ടപ്പോൾ മലക്കുകൾക്ക് കാര്യം പെട്ടെന്ന് മനസ്സിലായി. അതുകൊണ്ട് അവർ പറഞ്ഞു: അല്ലാഹുവേ, നീ തീർച്ചയായും സർവ്വജ്ഞനും യുക്തിജ്ഞനുമാണ്. ഞങ്ങൾക്കിപ്പോൾ കാര്യം മനസ്സിലായി. ആദം സന്തതികളിൽ ആരെങ്കിലും കൊല ചെയ്യുകയോ കുഴപ്പമുണ്ടാക്കുകയോ ചെയ്താൽ അതിന്റെ ഉത്തരവാദിത്തം ആദമിനായിരിക്കുകയില്ല. മറിച്ച്, അതിനുകാരണം ബാഹ്യമായ ശത്രുതയും ആന്തരികമായ ബലഹീനതയുമായിരിക്കും. ആന്തരികമായി ബലഹീനരായവരായിരിക്കും അതിനു കാരണക്കാർ. അല്ലാഹുവിന്റെ ഖലീഫ, നന്മയും സൽക്കർമ്മവും ഉപദേശിച്ചു. പക്ഷേ, ബാഹ്യശത്രുക്കൾ അതിന്നെതിരിൽ 'ഇതെന്താണ് പറയുന്നതെന്നു പറഞ്ഞ്' കുഴപ്പങ്ങൾ ഉണ്ടാക്കി. ആന്തരികമായ നിലയിൽ ചിലർ നന്മ പ്രവർത്തിച്ചതുമില്ല. ഇക്കാരണത്താൽ ദൗർബല്യങ്ങൾ വളർന്നുകൊണ്ടിരുന്നു. കുഴപ്പങ്ങൾ പരന്നുകൊണ്ടിരുന്നു. പിന്നീട് എല്ലാ നബിമാരുടെയും സമുദായത്തിന് ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. അല്ലാഹു മലക്കുകളോട് ഇക്കാര്യം പറയുകയും അവർ അത് മനസ്സിലാക്കുകയും ചെയ്തു. ആദമിന്റെ ഖിലാഫത്ത് കാരണത്താൽ കൊലപാതകങ്ങളും കലഹങ്ങളും ഉണ്ടാകാനിടയുണ്ട്. ഉണ്ടാകും. പക്ഷേ, അതിനോടൊപ്പം അല്ലാഹുവിന്റെ നിരവധി വിശേഷഗുണങ്ങൾ വഹിക്കുന്നവരും അല്ലാഹുവിന്റെ പ്രതീകമായിട്ടുള്ളവരും ഉണ്ടാകുന്നതാണ്. അതിനാൽ അല്ലാഹു ആദം(അ)ന് അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ പഠിപ്പിച്ചു. ആദം അതനുസരിച്ച് പ്രവർത്തിച്ച് കാണിച്ചു. അല്ലാഹുവിന്റെ വിശേഷഗുണങ്ങളുടെ പൂർണ്ണമായ പ്രകടനം തിന്മയുടേയും നന്മയുടേയും കഴിവുകൾ നിക്ഷേപിച്ചിട്ടുള്ള മനുഷ്യരിലൂടെയല്ലാതെ ഉണ്ടാകുകയില്ല. അവർ അവ രണ്ടിൽനിന്ന് ഒരെണ്ണം സ്വീകരിക്കണം. ദൈവസ്നേഹത്തിന്റെ മഹോത്സാഹങ്ങളായിക്കൊണ്ട് നന്മയുടെ ശക്തികളെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ സ്വീകരിക്കേണ്ടതാണ്. മലക്കുകളിൽ ഈ കഴിവുകൾ ഇല്ല. തങ്ങളോട് കല്പിക്കുന്നത് മാത്രമാണ് അവർ ചെയ്യുന്നത്. അതുകൊണ്ടാണ് ഒരു കവി പറഞ്ഞത്.

***ഫരിശ്ത്തോംസെ ബഹ്തർഹെ ഇൻസാൻ ബൻനാ മഗർ ഇസ്മെ പഢ്ത്തിഹെ മഹ്നത്ത് സിയാദ.***

മലക്കുകളേക്കാൾ ഉത്തമമാണ് മനുഷ്യൻ ആകുക എന്നത്. എന്നാൽ, ഇതിന് കൂടുതൽ അധ്വാനിക്കേണ്ടതുണ്ട്.

അല്ലാഹുവിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കുന്നതിന്, നന്മയും തഖ്വയും നിബന്ധനയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിൽ നാം കണ്ടുകഴിഞ്ഞതാണ്. ഇതുണ്ടെങ്കിൽ അല്ലാഹുവിന്റെ വിശേഷഗുണങ്ങളും മനുഷ്യന് തന്റെയുള്ളിൽ സൃഷ്ടിക്കാൻ കഴിയും. ഏറ്റവുമധികം ഈ വിശേഷഗുണങ്ങൾ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ) തന്നിൽ സൃഷ്ടിച്ചു. അതുകൊണ്ട് പരിപൂർണ്ണമനുഷ്യൻ എന്ന് പറയപ്പെട്ടു. അതിനാൽ മലക്കുകൾ ആദമിനെ സൃഷ്ടിച്ചപ്പോഴും തങ്ങളുടെ അറിവ് പരിമിതമാണെന്ന് സമ്മതിച്ചിട്ടുണ്ട്. ഓരോരുത്തരുടേയും സൃഷ്ടിപ്പിലും ഇത് സമ്മതിക്കുന്നുണ്ട്. അതുമുഖേന അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞനുമാണെന്ന് അവർ സമ്മതിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വേറൊരു മർമ്മപ്രധാനമായ കാര്യവും വിവരിക്കുകയുണ്ടായി. ആദമിന്റെ സംഭവം വിവരിക്കുന്നതുകൊണ്ട്, ആദമിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും യുക്തിയും പറയുകയാണ് ഉദ്ദേശ്യം. അതായത്, ഓരോ കാലഘട്ടത്തിലും അല്ലാഹുവിൽനിന്ന് വെളിപാടുകൾ വെളിപെടുന്നത് ഈ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടിയാണ്. നബിമാരെ ആക്ഷേപിക്കുന്നവർ, അല്ലാഹുതആല മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം എന്തിന് പൂർത്തിയാക്കുന്നു എന്ന കാര്യത്തിലാണ് ആക്ഷേപം ഉന്നയിക്കുന്നത്. ഈ വചനം ഓതിക്കൊണ്ടിരിക്കുന്ന മുസ്ലിംകളും ഇക്കാലത്തെ ആക്ഷേപകരിലുണ്ട്. തങ്ങൾ പറയുന്നത് ശരിയാണെന്ന് അവർ മനസ്സിലാക്കുന്നു. ഓരോ കാലഘട്ടത്തിലും നന്മ പ്രചരിപ്പിക്കുന്നതിന് അല്ലാഹുതആല തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അയക്കുമ്പോൾ അതിനെ ധിക്കരിക്കുന്നവരേയും കാണാം. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചതിലും ആക്ഷേപം ഉന്നയിക്കുന്നു. ആക്ഷേപം ഉന്നയിക്കുന്നവർ, അല്ലാഹുവിന്റെ മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യത്തെ ആക്ഷേപിക്കുന്നവരാണ്.

ചിന്തിക്കുന്നവർക്ക് ഇത് ചിന്തിക്കാനുള്ള അവസരമാണ്. മറ്റൊരു മർമ്മപ്രധാനമായ കാര്യം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുകയുണ്ടായി. ***ലാ ഇൽമ***

***ലനാ ഇല്ലാമാ അല്ലംതനാ*** എന്ന് മലക്കുകൾ പറഞ്ഞപ്പോൾ, നീ പഠിപ്പിച്ചതുമാത്രമെ ഞങ്ങൾക്കറിയൂ എന്നത് മാത്രമല്ല ഉദ്ദേശ്യം. മറിച്ച്, ആഴത്തിലിറങ്ങി നോക്കുക. അപ്പോൾ മനുഷ്യന്റെ അറിവ് വർദ്ധിക്കുന്നതുപോലെ തങ്ങളുടെ അറിവ് വർദ്ധിക്കുകയില്ലെന്ന് അവർ അംഗീകരിക്കുന്നതായി കാണാം. അത് വർദ്ധിപ്പിക്കാൻ മനുഷ്യന് അല്ലാഹു കഴിവും ശക്തിയും നല്കിയിട്ടുണ്ട്. തങ്ങളുടെ ഉള്ളിൽ ഒരു കഴിവ് മാത്രമേ വെച്ചിട്ടുള്ളൂവെന്നും മലക്കുകൾ അല്ലാഹുവനോട് സമ്മതിച്ചു. ആ ശക്തികൾ കൊണ്ട് തങ്ങൾക്ക് മനുഷ്യന്റെ അറിവുകൾവരെ എത്താൻ സാധിക്കുകയില്ലെന്നും മലക്കുകൾ പറഞ്ഞു. അതായത്, മനുഷ്യന്റെ സൃഷ്ടിപ്പിൽ യുക്തിയുണ്ടെന്ന് തങ്ങൾക്ക് മനസ്സിലായതായി മലക്കുകൾ സമ്മതിച്ചു. മലക്കുകളായ തങ്ങൾക്ക് ചെയ്യാൻ പറ്റാത്ത ജോലികളാണ് മനുഷ്യനെ ഏല്പിച്ചിട്ടുള്ളത്. ചിലയാളുകൾ വെറും ദ്രോഹം പരത്തുന്ന കാരണത്താൽ, അവന്റെ സൃഷ്ടിയുദ്ദേശ്യം നിഷേധിക്കാൻ സാധിക്കുകയില്ല. ഈ പലതരത്തിലുള്ള പ്രവൃത്തികളിൽ താൽപര്യം കാണിക്കുന്നവരും അല്ലാഹുവിനെ സ്തുതിക്കുന്നവരും, മലക്കുകളേക്കാൾ ഉയരുകയും ചെയ്യുന്നു.

ശേയ്ഖ് ഇസ്മായീൽ ഹഖ്ഖി എഴുതുന്നു. മനുഷ്യന് പൂർണ്ണതയുണ്ടാകുന്ന, ഈശ്വരജ്ഞാനവും ധർമ്മശാസ്ത്രകല്പനകളുമാണ് അൽഹിക്മ. അൽഹക്കീം, യുക്തിയുടെയും ഉദ്ദേശ്യത്തിന്റെയും തേട്ടമനുസരിച്ച് പ്രവർത്തിക്കുന്നവൻ. ഏറ്റവും ഉത്തമമായ വസ്തുക്കളുടെ ജ്ഞാനം ഉന്നതമായ അറിവുമുഖേന നേടുന്നതിനെ ഹിക്മത്ത് എന്നു പറയുന്നു. സകല വസ്തുക്കളിലുംവെച്ച് ആദരണീയവും ഉന്നതവുമായത് അല്ലാഹുവിന്റെ സത്തയാണ്. അവനല്ലാതെ മറ്റാർക്കും വസ്തുക്കളെ സംബന്ധിച്ച പൂർണ്ണവിവരം അറിയില്ല. അതുകൊണ്ട് അല്ലാഹു ഹക്കീമാണ്. കാരണം അവൻ ഉന്നതവും ആദരണീയവുമായ വസ്തുക്കളെ ഏറ്റവും ഉന്നതമായ അറിവുമുഖേന അറിയുന്നു. കാരണം മഹത്ത്വപൂർണ്ണമായ അറിവ്, എന്നെന്നും നിലനില്ക്കുന്ന അറിവാണ്; അതിന് അസ്തമയം ഉണ്ടാകുകയില്ല. അതിനെക്കുറിച്ച് ചിന്തിക്കാനെ സാധ്യമല്ല. യാതൊരു തരത്തിലുള്ള സന്ദേഹത്തിനും സംശയത്തിനും ഇടവരാത്ത തരത്തിലുള്ള അറിവാണത്. ഒന്നും മറഞ്ഞിരിക്കില്ല. സദൃശമാകുകയുമില്ല. ഈ വിശേഷഗുണം അല്ലാഹുവിന് മാത്രമാണുള്ളത്. ചിലപ്പോൾ, ഏതെങ്കിലും നിർമ്മാണത്തിന്റെ ഏറ്റവും ലോലമായ കാര്യങ്ങൾ നല്ലവണ്ണം അറിയുന്നയാളേയും ഹക്കീം എന്നു പറയാറുണ്ട്. ഏതൊരു കാര്യവും വളരെ നന്നായി ഉണ്ടാക്കുന്നവൻ എന്ന നിലയിൽ പരിപൂർണ്ണത അല്ലാഹുവിനു മാത്രമെയുള്ളൂ. കാരണം അവനാണ് ഹക്കീമെ മുത്തലഖ് അഥവാ പൂർണ്ണമായ വിധികർത്താവ്. എല്ലാ വസ്തുക്കളേയും കുറിച്ച് അറിയുകയും എന്നാൽ, അല്ലാഹുവിനെക്കുറിച്ചറിയാതിരിക്കുകയും ചെയ്തവനെ ഹക്കീം എന്ന് പറയാൻ പറ്റില്ല. കാരണം മഹത്വമായതും ആദരണീയവുമായ സംഗതി, അതായത്, അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഭൗതികമായ കാര്യങ്ങളിൽ വളരെയധികം അഭിവൃദ്ധിപ്പെട്ടു. പക്ഷേ, അല്ലാഹുവിലേക്ക്, പോകാനുള്ള അവരുടെ വഴി അടഞ്ഞിരിക്കുന്നു. ഇക്കാരണത്താൽ അവർ ജ്ഞാനമില്ലാത്തവരായി. ഭൗതികമായ അറിവുകളൊക്കെയുണ്ടെങ്കിലും ഈ നിർവചനമനുസരിച്ച് അവരെ ഹക്കീം എന്ന് പറയാൻ പറ്റുകയില്ല.

പിന്നീട് പറയുന്നു, എല്ലാ അറിവുകളേക്കാളും മാന്യമായ അറിവാണ് ഹിക്മത്ത്. ഏതൊരു കാര്യത്തെക്കുറിച്ച് അറിവ് സമ്പാദിക്കുന്നുവോ, അതിന്റെ ഗാംഭീര്യമനുസരിച്ചായിരിക്കും അത് സമ്പാദിക്കുന്നത്. അല്ലാഹുവിനേക്കാൾ മാന്യനാകാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കുന്നവൻ ഹക്കീം ആയിരിക്കും; അയാൾ മറ്റുള്ള അറിവുകളിൽ ബലഹീനനാണെങ്കിലും, അയാളുടെ ഭാഷ ഒഴുക്കുള്ളതല്ലെങ്കിലും അയാളുടെ പ്രഭാഷണം ശക്തമല്ലെങ്കിലും! മനുഷ്യന്റെ ജ്ഞാനത്തിന് അല്ലാഹുവിന്റെ ജ്ഞാനവുമായിട്ടുള്ള ബന്ധം, മനുഷ്യന് ലഭ്യമായിട്ടുള്ള ഈശ്വരജ്ഞാനത്തിന്റെ ബന്ധം അല്ലാഹുവിന് സ്വയം തന്റെ സത്തയുടെ ജ്ഞാനവുമായിട്ടുള്ള ബന്ധമാണ്. അല്ലാഹുവിന്റെ ജ്ഞാനം വളരെ വിശാലമാണ്. അല്ലാഹുവിന് തന്നെക്കുറിച്ചുള്ള ജ്ഞാനം, മനുഷ്യന് ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് മനുഷ്യൻ കരസ്ഥമാക്കുന്ന അറിവും, അല്ലാഹുവിന് തന്നെക്കുറിച്ചുള്ള അറിവും തമ്മിലുള്ള വ്യത്യാസം തന്നെയാണ് മനുഷ്യനും അല്ലാഹുവിനുമിടയിലുള്ള അറിവിന്റെ വ്യത്യാസം. പക്ഷേ, മനുഷ്യൻ കരസ്ഥമാക്കിയ അറിവിന്, അല്ലാഹുവിന്റെ അറിവുമായി വളരെ അകന്ന ബന്ധമാണെങ്കിലും, മനുഷ്യന് ലഭിക്കുന്ന അറിവ് എല്ലാ ഈശ്വരജ്ഞാനത്തേക്കാളും അനർഘമായതും അതിന്റെ ഗുണത്തിന്റെ അടിസ്ഥാനത്തിൽ അധികമായതുമാണ്. ആർക്കാണോ ജ്ഞാനം നല്കപ്പെടുന്നത്, തീർച്ചയായും അവന് ഒരുപാട് നന്മകൾ നല്കപ്പെടും. ഉപദേശത്തെ ബുദ്ധിമാന്മാർ മാത്രമേ കരസ്ഥമാക്കുന്നുള്ളൂ. ഇത് ഞാനോതിയ ഒരു വചനത്തിന്റെ വ്യാഖ്യാനമാണ്. വീണ്ടും പറയുന്നു: "അതേ, അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നവന്റെ വചനങ്ങൾ അന്യരിൽനിന്ന് വ്യത്യസ്തമായിരിക്കും. കാരണം അത്തരം വ്യക്തി വസ്തുക്കളുടെ അംശങ്ങളിലേക്ക് വളരെ കുറച്ചേ പോകുന്നുള്ളൂ. എന്നല്ല, അയാ

ളുടെ വചനം സൗന്ദര്യപൂരിതമായിരിക്കും. എന്നല്ല, താൽക്കാലികവും ഭൗതികവുമായ ഉദ്ദേശ്യങ്ങൾക്കുപകരം, പര്യവസാനത്തിൽ നേട്ടമുണ്ടാക്കുന്ന കാര്യത്തിലേക്ക് ശ്രദ്ധയുണ്ടാകുന്നു. അവന്റെ വചനങ്ങൾ പൂർണ്ണമായും അല്ലാഹുവിന്റെ ജ്ഞാനംകൊണ്ട്, ജനദൃഷ്ടിയിലും ഏറ്റവും ഉത്തമമായിരിക്കും. അതുകൊണ്ട് ചില ഘട്ടങ്ങളിൽ ജനങ്ങൾ അയാളുടെ പ്രസംഗത്തിന് ഹിക്മത്ത് എന്ന പദം ഉപയോഗിക്കുന്നു. ഇത്തരം കാര്യങ്ങൾ പറയുന്ന വ്യക്തിക്ക് ഹക്കീം എന്ന പദവും ഉപയോഗിക്കുന്നു. ഹദ്റത്ത് സയ്യിദുൽ അമ്പിയാഅ്(സ)ന്റെ പരിശുദ്ധമായ ഈ നിർദ്ദേശം പോലെയാണിത്. ***റഅ്സുൽഹിക്മത്തി മഖാഫത്തുല്ലാഹി.*** അതായത്, അല്ലാഹുവിനോടുള്ള ഭയം തന്നെയാണ് യഥാർത്ഥ ഹിക്മത്ത്. തഖ്‌വയാണ് യഥാർത്ഥ ഹിക്മത്ത്.

ഹദ്റത്ത് ഇബ്നുഅബ്ബാസിന്റെ ദൃഷ്ടിയിൽ, കുറ്റവാളികളെ വളഞ്ഞുകൊണ്ട് ഹിക്മത്തിന്റെ തേട്ടത്തെ ഉപേക്ഷിക്കാത്തവനാണ് ഹക്കീം. അതിനെ വിശദീകരിക്കുന്നു. ***ഫഇൻ സലൽതും മിൻബഅ്ദി മാജാഅത്ക്കുമുൽബയ്യിനാതു ഫഅ്ലമൂ അന്നല്ലാഹ അസീസുൻ ഹക്കീം.*** എന്നാൽ, നിങ്ങൾക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങൾ വന്നുകിട്ടയശേഷം നിങ്ങൾ വ്യതിചലിച്ചുപോകുന്നതായാൽ, നിങ്ങൾ അറിഞ്ഞുകൊൾക. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു (2:210). അസീസ് തന്റെ കാര്യത്തിൽ വിജയിക്കുന്നവനാണ്. ഒരു കാര്യവും നിഷേധികളോട് നിങ്ങളെക്കൊണ്ട് പകരം വീട്ടുന്നതിൽനിന്ന് അവനെ തടയുന്നില്ല. പക്ഷേ, അവൻ അഗാധജ്ഞനാണ്. അവൻ കുറ്റവാളികളെ വളഞ്ഞുകൊണ്ട് ഹിക്മത്തിന്റെ തേട്ടം ഉപേക്ഷിക്കുകയില്ല. മറ്റൊരു വചനത്തിൽ പറയുന്നു.

**(നിങ്ങൾ ഇതിലും ചിന്തിച്ചിട്ടുണ്ടോ?) ഇബ്റാഹീം പറഞ്ഞപ്പോൾ, എന്റെ രക്ഷിതാവേ, നീ എങ്ങനെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതന്നാലും. അവൻ പറഞ്ഞു: നീ വിശ്വസിച്ചിട്ടില്ലേ? അദ്ദേഹം പറഞ്ഞു. ഉണ്ട്. പക്ഷേ, എന്റെ മനസ്സമാധാനത്തിനുവേണ്ടിയാണ് (ചോദിച്ചത്). അവൻ പറഞ്ഞു: നീ നാല് പക്ഷികളെ പിടിക്കുകയും അവയെ നിന്നോട് ചേർത്തിണക്കുകയും ചെയ്യുക. പിന്നീട് അവയിലോരോന്നിനേയും ഓരോ കുന്നിന്മേൽകൊണ്ടുവയ്ക്കുക. എന്നിട്ട് അവയെ വിളിക്കുക. അവ പെട്ടെന്ന് നിന്നിലേക്ക് ഓടിവരുന്നതാണ്. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാണെന്ന് അറിഞ്ഞുകൊള്ളുക** (2:261).

ഇബ്നുഅബ്ബാസ്(റ) പറയുന്നു. ഇവിടെ ഹക്കീം എന്നതിന്റെ അർത്ഥം തന്റെ എല്ലാ കർമ്മങ്ങളിലും ഉന്നതമായ യുക്തിയോടുകൂടി പ്രവർത്തിക്കുന്നവൻ എന്നാണ്. അവന്റെ കർമ്മങ്ങളുടെ അടിസ്ഥാനം നിത്യേന ഉണ്ടാകാറുള്ള കാരണങ്ങളിലല്ല. കാരണം അവൻ അത്ഭുതകൃത്യങ്ങൾ കാണിക്കാൻ പറ്റാത്തവനല്ല. മറിച്ച്, അവന്റെ എല്ലാ കർമ്മങ്ങളും, നിരവധി യുക്തികളും ഉദ്ദേശ്യങ്ങളും ഉൾക്കൊള്ളുന്നവയാണ്.

അടയാളങ്ങൾ അല്ലാഹുവന് കാണിക്കാൻ കഴിയും. മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്ത രീതിയിലുള്ള ദൃഷ്ടാന്തങ്ങൾ അവൻ കാണിക്കുന്നു.

ഈ വചനത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ) അല്ലാഹുവിൽനിന്ന് അടയാളം ചോദിച്ചതിനെപ്പറ്റിയാണ് പറഞ്ഞിട്ടുള്ളത്. അതിന് അല്ലാഹുവിൽനിന്നുള്ള മറുപടി, ഞാൻ വായിച്ചുകേൾപ്പിച്ചു. വ്യാഖ്യാതാക്കൾ ഇതിനെ ബാഹ്യാർത്ഥത്തിലാണ് വിവരിക്കാറുള്ളത്. വിസ്മയപ്പെടുത്തുന്ന രീതിയിലുള്ള വ്യാഖ്യാനങ്ങളും ചിലർ നല്കിയിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ഉം ഇതിന് വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അത് ചുരുക്കി ഞാൻ പറയാം. അത് ഇതിന്റെ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

ഇതിൽ ഹദ്റത്ത് ഇബ്റാഹീം(അ) ഇങ്ങനെ ദുആ ചെയ്തിരിക്കുന്നു. മരിച്ചവരെ ജീവിപ്പിക്കുക എന്ന ജോലിയാണ് എന്നെ ഏല്പിച്ചിരിക്കുന്നത്. അതെങ്ങനെയായിരിക്കും സംഭവിക്കുക. ആത്മീയമായി മരിച്ചുകിടക്കുന്നവരെ ജീവിപ്പിക്കുക എന്ന ജോലി എന്നെ ഏല്പിച്ചിരിക്കുകയാണ്. അതെങ്ങനെ നടക്കും. അല്ലാഹുവേ, എന്റെ ജനതയിൽ ജീവൻ എങ്ങനെയുണ്ടാകുമെന്ന് നീ തന്നെ എനിക്ക് കാണിച്ചുതന്നാലും. ഞാൻ വൃദ്ധനാണ്. ജോലിയാണെങ്കിൽ ഒരുപാടുണ്ട്. എങ്ങനെയാണ് എന്റെ പ്രവൃത്തി സഫലമാകുന്നത്. അല്ലാഹു പറയുന്നു: നാലുപക്ഷികളെ പിടിച്ച് ഇണക്കുക. എന്നിട്ട് അവയെ മല മുകളിൽ വയ്ക്കുക. അവ നിന്നിലേക്ക് വരും. അതിന്റെ വിശദീകരണത്തിൽ പറഞ്ഞു- ഇതുകൊണ്ടുള്ള ഉദ്ദേശ്യം, നിന്റെ കുട്ടികൾക്ക് തർബിയ്യത്ത് കൊടുക്കുക എന്നതാണ്. അവർ നീ വിളിക്കുമ്പോൾ ലബ്ബൈക്ക് പറഞ്ഞുകൊണ്ട് മതത്തെ ജീവിപ്പിക്കുക എന്ന പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. ഈ ആത്മീയപക്ഷികൾ ഹദ്റത്ത് ഇസ്മായീൽ(അ) ഹദ്റത്ത് ഇസ്ഹാഖ്(അ), ഹദ്റത്ത് യഅ്ഖൂബ്(അ), ഹദ്റത്ത് യൂസുഫ്(അ) എന്നിവരാണ്. അവരിൽ രണ്ടുപേർക്ക് ഹദ്റത്ത് ഇബ്റാഹീം(അ) നേരിട്ട് ശിക്ഷണം നല്കി. രണ്ടുപേർക്ക് ഇടനിലയോടുകൂടിയും. മല മുകളിൽ വയ്ക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, പദവികളിൽ ഉയർച്ച ലഭിക്കുക എന്നതിലേക്കുള്ള സൂചനയാണ്. നാല് പക്ഷികളെ വെവ്വേറെ മലമുകളിൽ വയ്ക്കുന്നതു

കൊണ്ടുള്ള ഉദ്ദേശ്യം മതത്തെ ജീവിപ്പിക്കുക എന്നത് നാല് വിവിധ കാലഘട്ടത്തിലായിരിക്കും എന്നതുമാണ്. ഒന്ന് ആദ്യകാലഘട്ടത്തിൽ ഉണ്ടായി. കാരണം താൻ തന്റെ മക്കളെക്കുറിച്ചും അടയാളം കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് ഇബ്റാഹീം(അ) ദുആ ചെയ്തിരുന്നു. അതായത്, പിന്നീട് വരുന്നവരിലും മരിച്ചവരെ ജീവിപ്പിക്കുന്നവർ ഉണ്ടാക്കുന്ന അടയാളം വെളിപ്പെടണമെന്ന്. അപ്പോൾ അല്ലാഹു പറഞ്ഞു: നിന്റെ ജനത നാലുപ്രാവശ്യം മരിച്ചുകിടക്കും. നാം നാലുപ്രാവശ്യം അവരെ ജീവിപ്പിക്കും. ഹദ്റത്ത് മൂസാ(അ)യുടെ കാലഘട്ടത്തിൽ ആദ്യവിളിയുണ്ടായി. അത് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ വിളിയായിരുന്നു. പിന്നീട് ഹദ്റത്ത് ഈസാ(അ) മുഖേന വിളിയുണ്ടായി. പിന്നീട് നബി(സ) തിരുമേനി മുഖേന വിളിയുണ്ടായി. ഇപ്പോൾ ഇക്കാലഘട്ടത്തിൽ നാലാമത്തെ പ്രാവശ്യവും ആ വിളി ഉയർന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് ഉണ്ടായിട്ടുള്ളത്.

ആദ്യത്തെ പക്ഷി മൂസാ നബിയുടെ സമുദായമായിരുന്നു. രണ്ടാമത്തെ പക്ഷി ഈസാ(അ)ന്റെ സമുദായമായിരുന്നു. മൂന്നാമത്തെ പക്ഷി നബി(സ)യുടെ സമുദായമായിരുന്നു. അവരിൽ നബി(സ)യുടെ പ്രതാപപരമായ വെളിപ്പെടലുണ്ടായി. നാലാമത്തെ പക്ഷി, നബി(സ)യുടെ സൗന്ദര്യപ്രകടനത്തിന്റെ പ്രതീകമായ അഹ്മദിയ്യാ ജമാഅത്താണ്. ഇതുമുഖേന ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ സന്താനത്തിന് സൗഖ്യം ലഭിച്ചു. അടുത്തുള്ളതും അകലത്തുള്ളതുമായ സന്താനപരമ്പര ജീവിക്കുന്ന കാഴ്ച അല്ലാഹു കാണിച്ചു. ഇതാണ് അല്ലാഹു അസീസും ഹക്കീമും ആണെന്നതിനുള്ള പ്രകടനം.

ഈ ഉയിർത്തെഴുന്നേല്പ് അഹ്മദി എന്ന നിലയിൽ നമ്മളിൽ ഒരു ഉത്തരവാദിത്തം ഇടുന്നുണ്ട്. അതായത്, നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച്, ഇക്കാലത്തുണ്ടാകേണ്ട മരിച്ചവരുടെ ജീവിതം, എന്നെന്നും നിലനില്ക്കേണ്ടതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ യുക്തിനിർഭരമായ അധ്യാപനത്തോട്- അത് തഖ്‌വ മുഖേനയാണ് ലഭിക്കുന്നത്- അള്ളിപ്പിടിച്ചിരിക്കേണ്ടത് നിർബന്ധമാണ്; ജമാഅത്തിലെ ഓരോ അംഗവും മരിച്ചവർ ജീവിക്കുന്ന കാഴ്ച, കാണിക്കുന്നവരും കാണുന്നവരുമായിത്തീരാൻ അത് അനിവാര്യമാണ്. നമ്മൾ തഖ്‌വയിൽ നിലനില്ക്കുവോളം ഈ കാഴ്ച കണ്ടുകൊണ്ടേയിരിക്കും.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) ഒരു ഉദാഹരണത്തിൽ പറയുന്നു. ***അഫഗയ്റല്ലാഹി അബ്തഗീ ഹകമാ*** (6:115). പറയുന്നു: ഹകം, അതിന്റെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ ഹാക്കിമിനെക്കാൾ വിശാലമായ അർത്ഥം ഉൾക്കൊള്ളുന്നു. ഹകം എന്ന് പറയുന്നത്, തുല്യനായിട്ട് ആരുമില്ലാത്ത വിധികർത്താവിനാണ്. ഈ ജോലിക്കുവേണ്ടി പ്രത്യേകമായി ചുമതലപ്പെടുത്തിയ ആളെയാണ്. ഇക്കാരണത്താൽ ഹകംന്റെ വിശേഷണം നീതിമാനുവേണ്ടി മാത്രം പറയുന്നു. അല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് വിധി പറയാൻ അവസരം ലഭിക്കുന്ന ആളിനുവേണ്ടി പറയപ്പെടുന്നു.

ഈ ആയത്തിൽ ചോദിക്കുന്നത്, അല്ലാഹുവല്ലാതെ വേറെ ആരെയെങ്കിലും ഞാനെന്തിന് വിധികർത്താവാക്കുന്നുവെന്നാണ്. വിധി പറയിക്കാൻ ഞാൻ എന്തിന് വേറൊരാളുടെ അടുത്ത് പോകണം. അല്ലെങ്കിൽ അല്ലാഹുവിനെക്കൂടാതെ വിധി പറയാൻ മനുഷ്യരെ ഞാൻ എന്തിന് വിളിക്കണം. അല്ലാഹു വിധി പറഞ്ഞിട്ടുണ്ടെങ്കിൽ അവനാണ് വിധി പറയുന്നവരിൽ ഏറ്റവും ഉത്തമൻ.

മതത്തിന്റെ വിരോധികൾ തങ്ങൾ വിധി പറയുന്നുവെന്ന് പറഞ്ഞ് ഇന്ന് ബഹളം ഉണ്ടാക്കുന്നു. എന്നാൽ, അതിനൊക്കെ ഒരു മുസ്‌ലിമിന്റെ മറുപടി ഇതായിരിക്കണം, അങ്ങനെതന്നെയാണ് പറയേണ്ടതും, അതായത് ***അഫഗയ്റല്ലാഹി അബ്തഗീ ഹകമാ***. അല്ലാഹുവിനു പുറമെ, വിധി പറയുന്ന വേറെയാരെങ്കിലും ഞാൻ അന്വേഷിക്കണമെന്നാണോ? എനിക്ക് മറ്റാരുടേയും ആവശ്യമില്ല. അല്ലാഹുവാണ് ഹക്കീമും, ഹകമും എന്ന കാര്യത്തിൽ എനിക്ക് ദൃഢമായ വിശ്വാസമുണ്ട്. അവൻ യുക്തിനിർഭരമായ അധ്യാപനത്തിലേക്ക് എനിക്ക് മാർഗ്ഗദർശനം നല്കിയിരിക്കുന്നു. തീർച്ചയായും അടയാളം കാണിച്ചിരിക്കുന്നു. അഥുകൊണ്ട് മറ്റാരുടെയടുത്തും പോകേണ്ട ആവശ്യം എനിക്കില്ല.

എനിക്കെതിരിൽ നാമധാരികളായ ആലിംകളുടേയോ നിങ്ങൾക്ക് വലിയവരെന്ന് തോന്നുന്നവരുടേയോ ഗ്രന്ഥങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന്റെ വിധി എന്നോടൊപ്പം ഉണ്ടെങ്കിൽ എനിക്കതൊന്നും ഒരു പ്രശ്നമല്ല. നിങ്ങളുടെ ഭൗതികമായ നിലപാട്, ലോകരുടെ സഹായം തേടലാണ്. അസംബ്ലികളും കോടതികളും സർക്കാരുകളും വിധി പറയുമ്പോൾ, ബഹളമുണ്ടാക്കുന്നവരുടേയും ചിലപ്പോൾ ഭീകരവാദികളുടേയും ശക്തി നോക്കിക്കൊണ്ടാണ് വിധി പറയുന്നത്. പക്ഷേ, എന്റെ അല്ലാഹു അജയ്യനുമാണ്. വിധികർത്താവുമാണ്. അവൻ വിധിക്കുമ്പോൾ, ആ വിധിയായിരിക്കും നിങ്ങളെ ഇഹലോകത്തും പരലോകത്തും നന്നാക്കി തീർക്കുന്ന വിധി. അത്തരം അല്ലാഹുവിനു പുറമെ എനിക്ക് മറ്റൊരു നീതിമാന്റെയും ആവശ്യമില്ല. ഇന്ന് നാം അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരാണ്. ഇന്ന് നാം വിശുദ്ധഖുർആന്റെ പ്രവചനങ്ങൾ പുലർന്നതുകണ്ട്, ഹദ്റത്ത് മിർസാഗുലാം

അഹ്മദ് ഖാദിയാനി(അ) പ്രവചനം ചെയ്യപ്പെട്ട മസീഹും മഹ്ദിയുമാണെന്ന് ദൃഢമായി വിശ്വസിക്കുന്നവരാണ്. അല്ലാഹുവിന്റെ ഗ്രന്ഥം ഹദ്റത്ത് ഈസാ(അ)നെ മരിച്ചവരിൽ ഉൾപ്പെടുത്തി, വരുന്ന മസീഹിനെക്കുറിച്ച് വിളംബരം ചെയ്തു. അല്ലാഹുവിന്റെ ഗ്രന്ഥം, നബി(സ)യുടെ ഉമ്മത്തിൽനിന്നുതന്നെയാണ് മസീഹും മഹ്ദിയും വരുന്നതെന്ന് പ്രഖ്യാപിച്ചുകൊണ്ടിരുന്നു. അപ്പോൾ കോടതികൾക്കും സർക്കാരുകൾക്കും അല്ലെങ്കിൽ അസംബ്ലികൾക്കും എന്തു വിലയാണുള്ളത്. നിങ്ങൾ എന്തിന് അവരുടെ വിധി മാനിക്കണം. വിധികർത്താക്കളിൽ ഉന്നതനായ അല്ലാഹുവിന്റെ വിധിയെ എന്തിന് നിഷേധിക്കണം.

അതിനാൽ, അജയ്യനും വിധികർത്താവുമായ അല്ലാഹുവിന്റെ വിധിയെ നിഷേധിക്കുന്നവർ നിഷേധിക്കപ്പെടും. ഇത് നിഷേധിക്കുന്നു എന്ന് ഞങ്ങളോട് പറയുന്നവർ നിഷേധിക്കപ്പെടുന്നതുമാണ്. നമ്മൾ ഇൻശാ അല്ലാഹ് എപ്പോഴുമെന്നപോലെ വിജയത്തിന്റെ നിലകൾ തരണം ചെയ്തുകൊണ്ടേ പോകും. അതുകൊണ്ട് പാക്കിസ്ഥാനിലേയോ മറ്റേത് രാജ്യത്തെ അസംബ്ലിയോ ആകട്ടെ, നാം അവരുടെ വിധിയെ തരിമ്പും ഗൗനിക്കുന്നില്ല. കാരണം അവരുടെ വിധി തഖ്‌വ ഇല്ലാത്തതും അജ്ഞത നിറഞ്ഞതുമാണ്.

ഇന്ന്, ആർക്കെങ്കിലും വിധി പുറപ്പെടുവിക്കാൻ അർഹതയുണ്ടെങ്കിൽ, വിധികർത്താവ് എന്ന നിലയിൽ എന്നും വിധി പറഞ്ഞുവന്നത് അല്ലാഹുവിന്റെ സത്തയാണ്. അവൻ തന്നെയാണ് ഏറ്റവും വലിയ വിധികർത്താവ്. ന്യായാധിപനാണ്. ജഡ്ജിയാണ്. അവന്റെ വിധിയനുസരിച്ച് നമ്മൾ ഹദ്റത്ത് മുസ്തഫാ(സ) കൊണ്ടുവന്ന ആ ദീനിൽ നിലകൊള്ളുന്നവരാണ്. ഇൻശാഅല്ലാഹ്. മരണംവരെ നാം അതിൽ നിലനില്ക്കുന്നതുമാണ്.

അല്ലാഹു നമുക്കെല്ലാവർക്കും തഖ്‌വയിൽ പദമൂന്നിക്കൊണ്ട് ആ ഹക്കീമായ അല്ലാഹുവിന്റെ ഹക്കീം എന്ന വിശേഷഗുണത്തെ സ്വായത്തമാക്കാനും നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും വിവേകത്തോടുകൂടി ചലിക്കുന്നവരാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ കല്പനയനുസരിച്ച് തഖ്‌വയിലൂടെ നടന്നുകൊണ്ട് പ്രവർത്തിക്കുന്നവരായിരിക്കുമാറാകട്ടെ.

അതിനോടനുബന്ധിച്ച് ഇതുകൂടി പറയട്ടെ. ഈയ്യിടെ എം.ടി.എയിൽ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദിന്റെ ഒരു പരിപാടി സംപ്രേഷണം ചെയ്തുവരുന്നുണ്ട്. 1974-ലെ പാക്കിസ്ഥാൻ അസംബ്ലിയിൽ നടന്ന അവസ്ഥകളെക്കുറിച്ചുള്ളതാണിത്. യാഥാർത്ഥ്യം വിവരിക്കപ്പെടുകയാണിവിടെ. തുറന്നനിലയിൽ അവരുടെ ഒളിച്ചുകളി വിവരിക്കപ്പെടുന്നു. ഖലീഫത്തുൽ മസീഹ് ഥാലിഥ് അസംബ്ലിയിൽ ഹാജരായപ്പോൾ എതിരാളികളുടെ പക്കൽ അതിന് മറുപടി ഉണ്ടായിരുന്നില്ല, ഇന്നും മറുപടിയുണ്ടാവില്ല, ഇനിയൊട്ടുണ്ടാകുകയുമില്ല.

ഇൻശാഅല്ലാഹ്, എന്നെന്നും നേരായ മാർഗ്ഗത്തിലൂടെ നടന്നുകൊണ്ട് വിശ്വസിക്കുന്നവരുടേയും അല്ലാത്തവരുടേയും മുമ്പിൽ അല്ലാഹുവിന്റെ എല്ലാ വിശേഷഗുണങ്ങളും പ്രചരിപ്പിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും അഹ്മദിയ്യത്ത് തന്നെയാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 7.12.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala